(ഇ) മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കേണ്ട വിവിധ സർക്കാർ വകുപ്പുകൾ, തദ്ദേശഭരണസ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, നഗരാസൂത്രണ പദ്ധതികൾ ഘട്ടംഘട്ടമായി മുൻഗണനാക്രമത്തിൽ നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

അറവുശാലയ്ക്കു ധനസഹായം

38(418) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ ഒരു ആധുനിക അറവുശാല നിർമ്മിക്കുവാൻ സർക്കാർ സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതു പദ്ധതി പ്രകാരമാണിതെന്നും ആയതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കൊയിലാണ്ടി മുനിസിപ്പൽ പ്രദേശത്ത് ആധുനിക അറവുശാല നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ മുനിസിപ്പാലിറ്റി സർക്കാരിനു സമർപ്പിച്ചിട്ടില്ല. നഗരസഭകളിലെ അറവുശാലകൾ നവീകരിക്കുന്നതിനുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിയനുസരിച്ച് മൊത്തം ചെലവിന്റെ 50 ശതമാനം കേന്ദ്ര സർക്കാരും 25 ശതമാനം വീതം സംസ്ഥാന സർക്കാരും ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയും വഹിക്കുന്നതാണ്.

ഹജ്ജ് തീർത്ഥാടനം

39(419) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിന്ന് ഈ വർഷം ഹജ്ജിന് എത്ര പേർ പോയിരുന്നു ;

(ബി) ഹജ്ജ് തീർത്ഥാടനം ഔദ്യോഗികമായി അവസാനിപ്പിച്ചതെന്നാണ് ;

(സി) സംസ്ഥാനത്ത് നിന്ന് ഹജ്ജ് തീർത്ഥാടനത്തിന് പോയവരെ തിരിച്ചുകൊണ്ടുവരുവാൻ തുടങ്ങിയത് എന്ന് മുതലായിരുന്നു ;

(ഡി) ഇത് സംബന്ധിച്ച കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഇ) ഹജ്ജ് തീർത്ഥാടനം കഴിഞ്ഞ് ജിദ്ദയിൽ തങ്ങുവാൻ നിർബന്ധിതരായവരുടെ താമസവും സുഖസൗകര്യങ്ങളും ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നുവെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly